2025 OCTOBER
17
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതിക്ക് യു.എസ് പച്ചക്കൊടി

## വഴി തുറന്നത് സിഎംഎഫ്ആർഐ പഠനം

**കൊച്ചി:** സമുദ്രസസ്തനികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന അനിശ്ചിതത്വത്തിന് വിരാമായി ഇന്ത്യൻ സമുദ്രോൽപന്ന കയറ്റുമതിക്ക് യുഎസ് അംഗീകാരം ലഭിച്ചു. മത്സ്യബന്ധനത്തിനിടെ സമുദ്ര സസ്തനികൾക്ക് കാര്യമായ ദോഷം സംഭവിക്കുന്നില്ലെന്ന് തെളിയിക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൻമേലാണ് നടപടി. യു എസ് മറൈൻ മാമൽ പ്രൊട്ടക്ഷൻ നിയമ പ്രകാരം, സമുദ്ര സസ്തനികളുടെ സംരക്ഷണത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുന്ന രാജ്യങ്ങളിൽ നിന്ന് മാത്രമാണ് സീഫുഡ് ഇറക്കുമതിക്ക് അനുമതിയുള്ളത്. ഇന്ത്യയിൽ തിമിംഗലം, ഡോൾഫിൻ തുടങ്ങിയ കടൽ സസ്തനികളുടെ ശാസ്ത്രീയ വിവരങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ഈ നിയമം കയറ്റുമതിക്ക് വലിയ ഭീഷണിയായിരുന്നു.

ഈ പ്രതിസന്ധി മറികടക്കാൻ 2020ലാണ് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ രാജ്യവ്യാപകമായി സമുദ്ര സസ്തനികളുടെ ശാസ്ത്രീയ കണക്കെടുപ്പ് (സ്റ്റോക് അസസ്മെന്റ്) പദ്ധതിക്ക് തുടക്കമിട്ടത്. സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ), ഫിഷറീസ് സർവേ ഓഫ് ഇന്ത്യ (എഫ് എസ് ഐ) എന്നിവരുടെ സഹകരണത്തോടെ നടത്തിയ പഠനം കടൽ സസ്തനികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി. പഠനത്തിന്റെ ഒന്നാം ഘട്ടത്തിൽ 18 ഇനം കടൽ സസ്തനികളുടെ സ്റ്റോക് അസസ്മെന്റ് പൂർത്തിയാക്കി. ഇന്ത്യൻ സമുദ്രാതിർത്തിയിൽ സസ്തനി സമ്പത്ത് ആരോഗ്യകരമാണെന്ന് ഈ പഠനം സ്ഥിരീകരിച്ചു. മത്സ്യബന്ധനത്തിനിടെ അബദ്ധത്തിൽ വലയിൽ കുടുങ്ങുന്ന സസ്തനികളുടെ എണ്ണം അനുവദനീയമായ പരിധിയിലും താഴെയാണെന്നും നിലനിൽപ്പിന് ഭീഷണിയല്ലെന്നും പഠനത്തിലൂടെ മനസ്സിലായി. സിഎംഎഫ്ആർഐയുടെ ഈ ശാസ്ത്രീയ റിപ്പോർട്ടാണ് യു.എസ്. നാഷണൽ മറൈൻ ഫിഷറീസ് സർവീസിന്റെ (എൻഎംഎഫ്എസ്) അംഗീകാരം നേടുന്നതിൽ നിർണായകമായത്. കടൽ സസ്തനികളുടെ സംരക്ഷണത്തിലും മത്സ്യബന്ധനത്തിൽ അവയ്ക്ക് ഉപദ്രവമാകുന്ന കാര്യങ്ങളില്ലെന്നും ഇന്ത്യയിലെ സംവിധാനങ്ങൾ യുഎസ് നിലവാരത്തിന് തുല്യമാണെന്നും എൻഎംഎഫ്എസ് വിലയിരുത്തി.



കോടിക്കണക്കിന് ഡോളറിന്റെ വ്യാപാരം സുരക്ഷിതമാക്കാനും വലിയൊരു കയറ്റുമതി നിരോധനം ഒഴിവാക്കാനും ഈ പഠനം സഹായിച്ചതായി ഈ ഗവേഷണ പ്രൊജക്ടിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ രതീഷ് കുമാർ രവീന്ദ്രൻ പറഞ്ഞു.കടൽ സസ്തനികളെ കുറിച്ചുള്ള നിരീക്ഷണവും ഗവേഷണവും സിഎംഎഫ്ആർഐ തുടർന്നുവരികയാണെന്നും ഇന്ത്യൻ സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിന് ഇത് നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.

# സ്വയം മുന്നേറുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കണം: കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്

**തിരുവനന്തപുരം:** എല്ലാ കാര്യങ്ങൾക്കും ഗവണ്മെന്റിനെ സമീപിക്കുന്ന രീതി മാറണമെന്നും, സ്വകാര്യ മേഖലയുടെ വർദ്ധിച്ച പങ്കാളിത്തത്തോടെ സ്വയം മുന്നേറുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കണമെന്നും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. തിരുവനന്തപുരത്തെ പാപ്പനംകോടുള്ള സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർഎൻഐഐഎസ്ടി) യുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർഎൻഐഐഎസ്ടി) ഇന്ത്യയുടെ ഭാവി സാമ്പത്തിക കുതിപ്പിന് നേതൃത്വം നൽകുന്ന നാടാക്കി കേരളത്തെ മാറ്റും. സംസ്ഥാന ഗവൺമെന്റ് കൈമാറിയ പത്ത് ഏക്കർ ഭൂമിയിൽ നൂതനാശയ, സാങ്കേതിക വിദ്യ, സംരംഭക കേന്ദ്രം സ്ഥാപിക്കാൻ ഒരുങ്ങുകയാണെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. വിവിധ പഠന വിഷയങ്ങളിലെ സഹകരണങ്ങൾ പോലെ ഗവൺമെന്റുകൾക്കിടയിലെ സഹകരണങ്ങൾക്കും പ്രാധാന്യം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ സിഎസ്ഐആർ സ്ഥാപനങ്ങൾ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന് കീഴിലെ വിവിധ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണമെന്നും മന്ത്രി വ്യക്തമാക്കി. ഗവൺമെന്റിന്റെ സർവതോമുഖ സമീപനം ശാസ്ത്ര രംഗത്തും പ്രാവർത്തികമാക്കണം. സിഎസ്ഐആർഎൻഐഐഎസ്ടിയിലെ ശാരീരിക ഊർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പെഡൽഅസിസ്റ്റഡ് വ്യായാമ സംവിധാനം 'വിദ്യുത് സ്വാസ്ഥ്യ' യുടെയും ക്യാംപസിൽ നിർമ്മിച്ച സുവർണ ജൂബിലി നൂതനാശയ കേന്ദ്രത്തിന്റെയും ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. നൂതനാശയത്തിൽ അധിഷ്ഠിതമായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് നൂതനാശയ കേന്ദ്രം.

സമാപന സമ്മേളനത്തിന്റെ ഭാഗമായി പ്രധാന സാങ്കേതിക വിദ്യാ കൈമാറ്റങ്ങൾ നടന്നു. വിവിധ ധാരണാപത്രങ്ങളും ഒപ്പു വെച്ചു. കേരളത്തിലെ ഹൗസ് ബോട്ട് വ്യവസായം നേരിടുന്ന മലിന ജല പ്രശ്നങ്ങൾ പരിഹരിക്കാൻ, ശുചിത്വ മിഷനും, മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷനുമായി എൻഐഐഎസ്ടി ധാരണാപത്രം കൈമാറി.

സ്വയം പ്രവർത്തിക്കുന്ന ടയർ നിരീക്ഷണ സംവിധാനങ്ങൾ വികസിപ്പിക്കാൻ സഹായിക്കുന്ന സ്മാർട്ട് ടയർ സാങ്കേതികവിദ്യയിൽ എംആർഎഫ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പു വെച്ചു. എൻഐഐഎസ്ടി വികസിപ്പിച്ച അലുമിനിയംമഗ്നീഷ്യംസ്കാൻഡിയം അലോയ്സ് സാങ്കേതികവിദ്യ മുംബൈയിലെ സ്റ്റാർ അലൂകാസ്റ്റിന് കൈമാറി. സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ഐഐഎസ്ടി വൈസ് ചാൻസലർ പ്രൊഫ. ദീപാങ്കർ ബാനർജി, ഭാരത് ബയോടെക് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് ചെയർമാനും, സിഎസ്ഐആർഎൻഐഐഎസ്ടി ചെയർമാനുമായ ഡോ. കൃഷ്ണ എം. എൽ, മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ എന്നിവർ വിശിഷ്ടാതിഥികളായി.

# ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി; ഇന്ത്യക്കെതിരേ പരാതിയുമായി ചൈന

**ബെയ്ജിംഗ്/ന്യൂഡൽഹി:** ഇലക്ട്രിക് വാഹനങ്ങൾക്കും ബാറ്ററി






കൾക്കും സബ്സിഡി നൽകുന്ന ഇന്ത്യൻ നിലപാടിനെതിരേ ഡബ്ല്യുടിഒയ്ക്കു (ലോക വ്യാപാര സംഘടന) ചൈനയുടെ പരാതി. ഡബ്ല്യുടിഒയുടെ ഒട്ടേറെ നിർദേശങ്ങളെ ലംഘിക്കുന്നതാണ് ഇന്ത്യയുടെ നടപടിയെന്ന് ചൈനീസ് വാണിജ്യ മന്ത്രാലയം ആരോപിച്ചു.ഇന്ത്യയുടെ ആഭ്യന്തര വിപണിക്കു പ്രയോജനം ചെയ്യുന്ന തീരുമാനം ചൈനീസ് താത്പര്യങ്ങളെ ഹനിക്കുന്നതാണ്. ഇന്ത്യയിലേക്ക് ഇലക്ട്രിക് വാഹനങ്ങളുടെ കയറ്റുമതി വർധിപ്പിക്കാനുള്ള നീക്കങ്ങൾക്കിടെയാണു സബ്സിഡി പ്രഖ്യാപനമെന്ന ആരോപണവും ചൈന ഉന്നയിക്കുന്നത്.

കിഴക്കൻ ലഡാക്കിലെ സൈനികസംഘർഷം അവസാനിപ്പിച്ച് ഉഭയകക്ഷിബന്ധം സാധാരണ നിലയിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ തുടരുന്നതിനിടെയാണ് ചൈനയുടെ പരാതി. ഇന്ത്യയിലെ ഇലക്ട്രിക് വാഹനവിപണിയുടെ വ്യാപ്തിയാണ് ചൈനീസ് കമ്പനികളെ ആകർഷിക്കുന്നത്.

അതേസമയം, ചൈനയുടെ പരാതി പരിശോധിച്ചുവരികയാണെന്ന് വാണിജ്യമന്ത്രാലയം സെക്രട്ടറി രാജേഷ് അഗർവാൾ പറഞ്ഞു.

# ഇന്ത്യൻ താൽപര്യം സംരക്ഷിക്കുന്നതിനു മുൻഗണന; ട്രംപിനു മറുപടിയുമായി സർക്കാർ

**ന്യൂഡൽഹി:** ഊർജ വിഷയത്തിൽ ഇന്ത്യൻ ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് മുൻഗണനയെന്ന് കേന്ദ്രസർക്കാർ. റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നത് നിർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് ഉറപ്പ് നൽകിയെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അവകാശവാദത്തിനു ചുട്ട മറുപടി നൽകി ഇന്ത്യ.

സ്ഥിരമായ ഊർജ വിലയും സുരക്ഷിതമായ വിതരണവും ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. വിപണി സാഹചര്യങ്ങൾക്കനുസരിച്ച്, ഊർജ സ്രോതസ്സുകൾ വിപുലീകരിക്കുന്നതും വൈവിധ്യവൽക്കരിക്കുന്നതും ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നതായും പ്രസ്താവനയിൽ പറയുന്നു. യുഎസ് ഭരണകൂടം ഇന്ത്യയുമായുള്ള ഊർജ സഹകരണം കൂടുതൽ ആഴത്തിലാക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്. ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പ്രസ്താവനയിൽ വ്യക്തമാക്കി.

റഷ്യയിൽനിന്ന് ഇന്ത്യ എണ്ണ വാങ്ങുന്നതിൽ ഞാൻ സന്തുഷ്ടനായിരുന്നില്ല. എണ്ണ വാങ്ങില്ലെന്ന് നരേന്ദ്ര മോദി എനിക്ക് ഉറപ്പുനൽകി. അതൊരു വലിയ ചുവടുവയ്പ്പാണ്. ഇനി ചൈനയെയും ഇത് ചെയ്യാൻ ഞങ്ങൾ പ്രേരിപ്പിക്കും' വൈറ്റ് ഹൗസിൽ മാധ്യമങ്ങളോട് ട്രംപ് പ്രതികരിച്ചതിങ്ങനെ.



# എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കുകയാണ് ലക്ഷ്യം: മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** 2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്പെഷ്യാലിറ്റി ചികിത്സകൾ വികേന്ദ്രീകരിക്കും. അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെടുത്തും. ട്രോമാ കെയർ, എമർജൻസി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. ആരോഗ്യ സേവനങ്ങളിൽ തുല്യത ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 ആരോഗ്യ സെമിനാറിൽ കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031 നയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി വീണാ ജോർജ്.

വിവിധ സ്കീമുകളെ ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി വഴി 42.2 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ നൽകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി  അഞ്ച് ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് ചികിത്സ നൽകുന്നത്. കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കാനും ലക്ഷ്യമിടുന്നു.

രോഗാതുരത കുറയ്ക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ഹെൽത്തി ലൈഫ് കാമ്പയിൻ നടപ്പിലാക്കുന്നു. ആയുഷ് വകുപ്പിന് കീഴിൽ 10,000 യോഗ ക്ലബ്ബുകൾ ആവിഷ്ക്കരിച്ചു. സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കും. മാനസികാരോഗ്യം ഉറപ്പാക്കാനായി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ആർദ്രം ജനകീയ കാമ്പയിൻ ആവിഷ്ക്കരിച്ചു. 30 വയസിന് മുകളിലുള്ളവർക്ക് വീട്ടിലെത്തി ജീവിതശൈലീ രോഗ സ്ക്രീനിംഗ് നടത്തി ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കി. കാൻസർ പ്രതിരോധത്തിനായി ആരോഗ്യം ആനന്ദം അകറ്റാം അർബുദം ജനകീയ കാമ്പയിൻ ആവിഷ്ക്കരിച്ചു. ഇതുവരെ 20 ലക്ഷത്തിലധികം പേരെ സ്ക്രീനിംഗ് നടത്തി. അത്യാധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ നടപ്പിലാക്കി.

പകർച്ചവ്യാധി പ്രതിരോധത്തിന് വളരെ പ്രാധാന്യം നൽകുന്നു. ആരോഗ്യ മേഖല പുതിയ വെല്ലുവിളികളാണ് നേരിടുന്നത്. വർധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ, അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുകയും പ്രധാനമാണ്. ഈ ലക്ഷ്യം മുൻനിർത്തി എപ്പിഡമിക് ഇന്റലിജൻസ് സംവിധാനം വികസിപ്പിക്കും. പ്രാദേശിക അടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി പ്രതിരോധം ശക്തിപ്പെടുത്തുന്നു.

മെഡിക്കൽ കോളേജുകളെ പൂർണമായും ടെർഷ്യറി കെയറുകളാക്കും. ചികിത്സാ മേഖലയിലെന്ന പോലെ അക്കാഡമിക് രംഗത്തും മുന്നേറ്റം നടത്തും. ആയുർവേദ രംഗത്ത് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം വലിയ മുന്നേറ്റമുണ്ടാക്കും.

കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. അതിനായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എഎംആർ പ്രതിരോധത്തിൽ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആരോഗ്യ രംഗത്തെ സംബന്ധിച്ച് ശാസ്ത്രീയമല്ലാത്ത തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# സീനിയർ ഫുട്ബോൾ: മലപ്പുറത്തെ തോൽപിച്ച് തൃശൂർ സെമിഫൈനലിൽ

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മലപ്പുറത്തെ തോൽപ്പിച്ച് തൃശൂർ സെമിഫൈനലിൽ കടന്നു. വൈകിട്ട് നടന്ന രണ്ടാം ക്വാർട്ടർ ഫൈനലിൽ മൂന്നിനെതിരെ നാലു ഗോളുകൾക്കായിരുന്നു തൃശൂരിന്റെ ജയം.



11ാം മിനിറ്റിൽ ഹാഷിർ നേടിയ ഗോളിലൂടെ മലപ്പുറം ലീഡ് നേടിയെങ്കിലും, പത്തുമിനിറ്റിനിടെ രണ്ടു ഗോളുകൾ എതിർവലയിലെത്തിച്ച് തൃശൂർ തിരിച്ചടിച്ചു. അജിത് കെ.എസ് (17), നാസർ പി.എ (21) എന്നിവരായിരുന്നു സ്കോറർമാർ. മലപ്പുറം വിട്ടുകൊടുത്തില്ല, 27ാം മിനിറ്റിൽ നന്ദുകൃഷ്ണയിലൂടെ സമനില പിടിച്ചു. എന്നാൽ ആദ്യപകുതിക്ക് തൊട്ടുമുമ്പ് സന്തോഷിന്റെ ഗോളിൽ തൃശൂർ ലീഡ് വീണ്ടെടുത്തു. രണ്ടാം പകുതിയുടെ രണ്ടാം മിനിറ്റിൽ തന്നെ മുഹമ്മദ് മുസമ്മിൽ എതിർവലയിലേക്ക് നിറയൊഴിച്ചതോടെ തൃശൂർ കൂടുതൽ കരുത്തരായി. 67ാം മിനിറ്റിൽ നന്ദുകൃഷ്ണ രണ്ടാം ഗോൾ നേടി ലീഡ് കുറച്ചെങ്കിലും തൃശൂരിനെ തളയ്ക്കാൻ അതുമതിയായില്ല. കരുത്തരുടെ പോരിൽ തൃശൂർ ജയിച്ചുകയറി.

19ന് വൈകിട്ട് 3.45ന് നടക്കുന്ന ആദ്യസെമിഫൈനലിൽ കോട്ടയമാണ് തൃശൂരിന്റെ എതിരാളികൾ. രാവിലെ നടന്ന മത്സരത്തിൽ കോഴിക്കോടിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് തോൽപിച്ച് ഇടുക്കി കാർട്ടർ ഫൈനൽ ഉറപ്പാക്കി. മൂന്നാം മിനിറ്റിൽ തന്നെ അജ്മൽ കാജയിലുടെ അക്കൗണ്ട് തുറന്ന ഇടുക്കിക്ക് വേണ്ടി, 75ാം മിനിറ്റിൽ അക്ഷയ് കുമാർ സുബേദി വിജയഗോൾ നേടി. അവസാനമിനിറ്റ് വരെ പൊരുതിയെങ്കിലും കോഴിക്കോടിന് മറുപടിഗോൾ നേടാനായില്ല. നിലവിലെ റണ്ണേഴ്സ് അപ്പായ തിരുവനന്തപുരമാണ് ക്വാർട്ടറിൽ ഇടുക്കിയുടെ എതിരാളികൾ, ശനിയാഴ്ച്ച രാവിലെ 7.30നാണ് മത്സരം. ഇന്ന് രണ്ട് മത്സരങ്ങൾ. രാവിലെ 7.30ന് കണ്ണൂർ പാലക്കാടിനെയും, വൈകിട്ട് 3.45ന് എറണാകുളം ആലപ്പുഴയെയും നേരിടും.

വിജയികൾ 18ന് വൈകിട്ട് നടക്കുന്ന അവസാന ക്വാർട്ടർ ഫൈനലിൽ ഏറ്റുമുട്ടും.

# തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പ്: നേതാക്കൾക്ക് അധിക ചുമതല

**കൊച്ചി:** തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന നേതാക്കൾക്ക് ജില്ലകളുടെ അധിക ചുതമല നൽകിയതായി ശിവസേന സംസ്ഥാന പ്രസിഡന്റ് അഡ്വ. പേരൂർക്കട ഹരികുമാർ വാർത്താകുറിപ്പിൽ അറിയിച്ചു.

തിരുവനന്തപുരം സംസ്ഥാന അധ്യക്ഷൻ അഡ്വക്കേറ്റ് പേരൂർക്കട ഹരികുമാർ, കൊല്ലം അഡ്വക്കേറ്റ് ബിജു വാഴയില, ആലപ്പുഴ അഡ്വക്കേറ്റ് രാജീവ് രാജധാനി, പത്തനംതിട്ട ശാന്താലയം ശശികുമാർ, കോട്ടയം, ഇടുക്കി ടി ആർ ദേവൻ, എറണാകുളം ഒറ്റശേഖരമംഗലം കൃഷ്ണൻകുട്ടി, തൃശ്ശൂർ, വയനാട്  രാധാകൃഷ്ണ മേനോൻ, പാലക്കാട് മോഹൻകുമാർ നായർ, കോഴിക്കോട്, മലപ്പുറം അഡ്വ. സാം ഐസക്, കണ്ണൂർ, കാസർഗോഡ് അനിൽ ദാമോദർ എന്നിവർക്കാണ് അധിക ചുമതല നൽകിയിരിക്കുന്നത്

# പ്രഥമ ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ നാളെ സമ്മാനിക്കും

**കൊച്ചി:** ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ്  ദേശീയ തലത്തിൽ മികച്ച രേഖാചിത്രകാരന് ഏർപ്പെടുത്തിയ പ്രഥമ പുരസ്ക്കാരം ആർട്ടിസ്റ്റ് സി. ഭാഗ്യനാഥിന് നാളെ ട്രസ്റ്റ് രക്ഷാധികാരികൂടിയായ ദാദാ ഫാൽക്കേ അവാർഡ് ജേതാവ്  മോഹൻലാൽ സമ്മാനിക്കും.

ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ്  മാനേജിങ്ങ് ട്രസ്റ്റി ബാബു ജോസഫ് അധ്യക്ഷതയിൽ എറണാകുളം ടി.ഡി.എം ഹാളിൽ വൈകിട്ട് അഞ്ചിന് നടക്കുന്ന ചടങ്ങിൽ ജൂറി ചെയർമാൻ കെ. സി നാരായണൻ, ജൂറി അംഗങ്ങളായ കേരള ലളിത കലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത്, കാർട്ടൂണിസ്റ്റും എഴുത്തുകാരനുമായ രവിശങ്കർ ഏട്ടേത്ത്, ട്രസ്റ്റ് അംഗങ്ങളായ ആർട്ടിസ്റ്റ് നമ്പൂതിരിയുടെ മകൻ ദേവൻ, കാർട്ടൂണിസ്റ്റ് സുധീർനാഥ്, ഡോക്കുമെൻട്രി ഡയറക്ടർ ബിനുരാജ് കലാപീഠം എന്നിവർ പങ്കെടുക്കും.

ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റിന് ലഭ്യമായ അപേക്ഷകളിൽ നിന്ന് പ്രാധമിക ജൂറി തിരഞ്ഞെടുത്ത പത്ത് പേരിൽ നിന്നാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്.

# ബ്രെയിൽ പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും സ്മാർട്ട് ഫോണുകളും വിതരണം ചെയ്തു

**പാലക്കാട്:** സാക്ഷരത മിഷന്റെ കീഴിൽ ബ്രെയിൽ ദീപ്തി പദ്ധതി വഴി പരീക്ഷയിൽ വിജയിച്ച പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും സ്മാർട്ട് ഫോണുകളും വിതരണം ചെയ്തു. സർട്ടിഫിക്കറ്റുകളുടെയും സ്മാർട്ട് ഫോണുകളുടെയും  വിതരണോദ്ഘാടനം സംസ്ഥാന സാക്ഷരതാ മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. ലിജോ ജോർജ് നിർവഹിച്ചു.  ബ്രെയിൽ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ അഞ്ചു ക്ലാസുകളിൽ ആയി 100 പേർക്കാണ് ക്ലാസുകൾ നൽകിയത്. ഇതിൽ വിജയിച്ച 57 പേർക്കാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്.  ഇതോടൊപ്പം ജില്ലാ പഞ്ചായത്ത് അനുവദിച്ച 6 സ്മാർട്ട് ഫോണുകളും സാക്ഷരത സമിതി അംഗം സ്പോൺസർ ചെയ്ത ഒരു സ്മാർട്ട് ഫോണും തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ ഏഴുപേർക്ക് വിതരണം ചെയ്തു. സ്മാർട്ട്ഫോൺ പരിശീലനവും ഇവർക്ക് സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നൽകുന്നതായിരിക്കും.

ബ്ലോക്ക് പഞ്ചായത്ത് പ്രേരക്മാർ, കുടുംബശ്രീ, അങ്കണവാടി ആശ പ്രവർത്തകർ തുടങ്ങിയവർ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ 646 കാഴ്ച പരിമിതരെയാണ് കണ്ടെത്തിയത്. ഇതിൽനിന്നും 100 പേർക്കാണ് ആദ്യഘട്ടത്തിൽ ബ്രെയിൽ ലിപിയിൽ വായിക്കാനും എഴുതാനും പഠിപ്പിക്കുന്ന പദ്ധതിയായ ദീപ്തി പദ്ധതി പ്രകാരം ക്ലാസുകൾ നൽകിയത്. 20 പേരടങ്ങുന്ന ബാച്ചുകളായി  അഞ്ച്  പഠനകേന്ദ്രങ്ങളിലാണ് ക്ലാസുകൾ നൽകിയത്. ക്ലാസുകൾ നൽകുന്നതിന് അഞ്ച് ഇൻസ്ട്രക്ടർമാരും ഉണ്ടായിരുന്നു. കെ.എഫ്.ബി  ജില്ലാ ഓഫീസിൽ വച്ച് മലമ്പുഴ, പാലക്കാട് പ്രദേശങ്ങളിൽ ഉള്ളവർക്കും കടമ്പഴിപ്പുറം തൊഴിൽ പരിശീലന കേന്ദ്രം, ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, വല്ലപ്പുഴ യത്തീംഖാന സ്കൂൾ എന്നിവിടങ്ങളിലായിരുന്നു പഠനകേന്ദ്രങ്ങൾ.

പാലക്കാട് ഫൈൻ സെന്ററിൽ നടന്ന പരിപാടിയിൽ കെ.എഫ്.ബി സെക്രട്ടറി എം.കെ ഷെറീഫ് അധ്യക്ഷനായി. പരിപാടിയിൽ സാക്ഷരതാമിഷൻ  ജില്ലാ കോഡിനേറ്റർ സജി തോമസ്, ജില്ലാ സാക്ഷരതാ മിഷൻ അസി.കോർഡിനേറ്റർ പി വി പാർവതി, സാക്ഷരതാ സമിതി അംഗങ്ങളായ ഒ.വിജയൻ മാസ്റ്റർ, ഡോ.പി.സി ഏലിയാമ്മ, ജില്ലാ റിസോഴ്സ് പേഴ്സൺമാരായ കെ.വി ജയൻ, വി.പി ജയരാജൻ, കെ.എഫ്.ബി ജില്ലാ പ്രസിഡന്റ് വി.എൻ ചന്ദ്രമോഹൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പ്രീയ കെ. ഉണ്ണികൃഷ്ണൻ, കെ.എഫ്.ബി അധ്യാപക ഫോറം എം സുധീർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കെഎസ്ആർടിസി ഡിപ്പോയിൽ സാംസ്കാരിക മ്യൂസിയം നിർമിക്കും: മന്ത്രി ഗണേഷ്കുമാർ

**തിരുവല്ല:** തിരുവല്ലയുടെ ചരിത്രം വിളിച്ചോതുന്ന മ്യൂസിയം കെഎസ്ആർടിസി ഡിപ്പോയിൽ നിർമിക്കുമെന്ന് മന്ത്രി കെ.ബി. ഗണേഷ് കുമാർ. തിരുവല്ല ബിലീവേഴ്സ് കൺവെൻഷൻ സെന്ററിൽ നടന്ന ഗതാഗതവകുപ്പിന്റെ സംസ്ഥാനതല സെമിനാറിലായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. തിരുവല്ലയുടെ സാംസ്കാരിക പൈതൃകത്തിന്റെ നേർചിത്രമായിരിക്കും മ്യൂസിയം.

കെഎസ്ആർടിസി ഡിപ്പോയുടെ എട്ടാം നിലയിൽ സാംസ്കാരിക നിലയവും തിയറ്ററും നിർമിക്കും. ഡിപ്പോയിൽ എത്തുന്നവർക്ക് യാത്രാ സൗകര്യത്തിനൊപ്പം വിനോദവും വിജ്ഞാനവും പകരുകയാണ് ലക്ഷ്യമെന്ന് മന്ത്രി വ്യക്തമാക്കി.

എം.ജി സോമൻ ഫൗണ്ടേഷൻ വഴി സംവിധായകൻ ബ്ലെസി സമർപ്പിച്ച നിർദേശം പരിഗണിച്ചാണ് മന്ത്രിയുടെ തീരുമാനം. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജോർജ് ഏബ്രഹാം, ഗതാഗത കമ്മീഷണർ നാഗരാജു ചകിലം, ജലഗതാഗതവകുപ്പ് ഡയറക്ടർ ഷാജി വി. നായർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെൻറ് ഫിനാൻസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ആനി ജൂലാ തോമസ്, തിരുവല്ല സബ് കളക്ടർ സുമിത് കുമാർ താക്കൂർ, കെഎസ്ആർടിസി മാനേജിംഗ് ഡയറക്ടർ ഡോ. പി. എസ്. പ്രമോജ് ശങ്കർ തുടങ്ങിയവർ പ്രസംഗിച്ചു.

വകുപ്പിന്റെ കഴിഞ്ഞ 10 വർഷത്തെ നേട്ടങ്ങൾ സ്പെഷൽ സെക്രട്ടറി പി. ബി. നൂഹ് അവതരിപ്പിച്ചു. 2025 ഓഗസ്റ്റ് എട്ടിലെ കെഎസ്ആർടിസിയുടെ ടിക്കറ്റ് വരുമാനം 10.19 കോടി രൂപയാണ്. സർവകാല റെക്കോഡാണിത്. നിലവിൽ ഒരു ബസിൽ നിന്ന് പ്രതി ദിനം ലഭിക്കുന്നത് 17,000 രൂപയാണ്. സാങ്കേതിക വിദ്യ കാര്യക്ഷമമായി നടപ്പാക്കി.

ചലോ ആപ്പ്, ട്രാവൽ കാർഡ്, വിദ്യാർഥികൾക്കായി ഓൺലൈൻ കൺസഷൻ അവതരിപ്പിച്ചു. ജിപിഎസ് അധിഷ്ഠിത വാഹന ട്രാക്കിംഗ്, വിദ്യാവാഹൻ ആപ്, സിവിക് ഐ, ലീഡ്സ് ആപ്, വിർച്ചൽ പിആർഒ തുടങ്ങിയവയിലൂടെ വകുപ്പ് ജനമനസിൽ ഇടം നേടിയതായും സ്പെഷൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

റോഡ്, മെട്രോ, ജലഗതാഗതം എന്നിവയെ പരസ്പരം ബന്ധിച്ച് ഒറ്റ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുമെന്ന് മന്ത്രി കെ. ബി. ഗണേഷ് കുമാർ പറഞ്ഞു. ഒറ്റ ടിക്കറ്റെടുക്കുന്ന വ്യക്തിക്ക് ഈ മൂന്ന് സൗകര്യവും ഉപയോഗിക്കാനാകുമെന്നും പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാകുമെന്നും അദ്ദേഹം പറഞ്ഞു. വിഷൻ 2031 ൻറെ ഭാഗമായി ഗതാഗത വകുപ്പ് സംഘടിപ്പിച്ച സെമിനാറിൽ പാനൽ ചർച്ചകളുടെ സമാഹരണം തിരുവല്ല ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. ജല, റോഡ് ഗതാഗതത്തെ ബന്ധിപ്പിച്ച് ട്രാൻസ്പോർട്ട് ഹബ്ബിന്റെ സാധ്യത പരിശോധിക്കും. നിലവിൽ എറണാകുളം വൈറ്റില ഹബ്ബിൽ കാര്യക്ഷമമായി ഇത് പ്രവർത്തിക്കുന്നു. ദേശീയ പാതയോരങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ള സ്ഥലം വിട്ടുനൽകുകയാണെങ്കിൽ കണ്ടെയ്നറുകൾ പോലുള്ള വലിയ വാഹനങ്ങൾക്കായി പാർക്കിംഗ് സൗകര്യം ഒരുക്കും.

എൻഫോഴ്സ്മെൻറ് ഏജൻസികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. റോഡിന്റെ വശങ്ങളിലെ നടപ്പാതകളിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കും. വാഹനയാത്രക്കാർക്ക് മാത്രമല്ല കാൽനട യാത്രികർക്കും പരിഗണനയുണ്ട്.

മൾട്ടിലെവൽ പാർക്കിംഗ് സമുച്ചയം സംബന്ധിച്ച ആവശ്യം ചർച്ചയിൽ ഉയർന്നു. സ്ഥലപരിമിതി മൂലം ലിഫ്റ്റ് വഴി വാഹനങ്ങളെ ഉയർത്തി പാർക്കിംഗ് ഏർപ്പാടാക്കും. കുറഞ്ഞ സ്ഥലത്ത് കൂടുതൽ വാഹനങ്ങൾ പാർക്ക് ചെയ്യാനാകും. ട്രാവൽ പ്ലാൻ കൂടുതൽ കാര്യക്ഷമമാക്കും. മറ്റു സംസ്ഥാനങ്ങളുമായി ബന്ധിച്ച് കെഎസ്ആർടിസി കൂടുതൽ മെച്ചപ്പെടുത്തും. ആവശ്യക്കാർ ഏറെയുള്ള ഓണം പോലുള്ള ആഘോഷ വേളയിൽ കൂടുതൽ വാഹനങ്ങൾ ഓടിക്കും.

കെഎസ്ആർടിസി ബസ് സ്റ്റേഷനുകളിൽ സൗരോർജ പദ്ധതിയുടെ സാധ്യത പരിശോധിക്കും. മോട്ടോർ വാഹന വകുപ്പിന്റെ സ്വന്തം കെട്ടിടത്തിന്റെ മുകളിലും സ്ഥാപിക്കും.കണ്ടെയ്നർ ഡ്രൈവർമാർക്ക് പ്രത്യേക ലൈസൻസ് ഏർപ്പെടുത്തുന്നത് പരിഗണിക്കുന്നു. വിദഗ്ധ പരിശീലനം ഇവർക്ക് ആവശ്യമാണ്. മലിനീകരണം തടയാൻ ജലഗതാഗതം പ്രോൽസാഹിപ്പിക്കണമെന്ന നിർദേശവും ഉയർന്നു.കെഎസ്ആർടിസി നടപ്പാക്കിയ ചലോ ആപ്പ്, ട്രാവൽ കാർഡ് പദ്ധതി തുടങ്ങിയവ ജലഗതാഗത മേലിലും വ്യാപിപ്പിക്കും. തീർത്ഥാടന ടൂറിസം പദ്ധതി ഗതാഗതവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കും. സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിച്ച് കെഎസ്ആർടിസി സർവീസ് നടത്തും.

# കാലിക്കറ്റ് ഹീറോസിനെ കീഴടക്കി ബംഗളൂരു ടോർപ്പിഡോസ്

**ഹൈദരാബാദ്:** ആർ ആർ കാബെൽ പ്രൈം വോളിബോൾ ലീഗിന്റെ നാലാം സീസണിൽ നിലവിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് ഹീറോസ് സെമി ഫൈനൽ കാണാതെ പുറത്തായി. ഗച്ചിബൗളി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ബംഗളൂരു ടോർപ്പിഡോസിനോട് 5 സെറ്റ് നീണ്ട തകർപ്പൻ പോരാട്ടത്തിനൊടുവിൽ പരാജയപ്പെടുകയായിരുന്നു. സ്കോർ: 20–18, 20–18, 7–15, 11–15, 15–12. ബെംഗളൂരു ടോർപ്പിഡോസ് ആദ്യ രണ്ട് സെറ്റുകൾ നേടി മുന്നിലെത്തിയെങ്കിലും, ശക്തമായി തിരിച്ചടിച്ച കാലിക്കറ്റ് ഹീറോസ് അടുത്ത രണ്ട് സെറ്റുകൾ സ്വന്തമാക്കി മത്സരം നിർണായകമായ അഞ്ചാം സെറ്റിലേക്ക് എത്തിച്ചു. എന്നാൽ, അവസാന സെറ്റിൽ ബംഗളൂരു വിജയം ഉറപ്പിച്ചു. തോറ്റെങ്കിലും കാലിക്കറ്റിനായി തകർപ്പൻ പ്രകടനം പുറത്തെടുത്ത ഷമീമുദ്ദീൻ ആണ് കളിയിലെ താരം. സീസണിൽ ബംഗളൂരുവിന്റെ തുടർച്ചയായ അഞ്ചാം ജയമാണിത്. 13 പോയിന്റോടെ പട്ടികയിലും ഒന്നാമതെത്തി. ഇന്ന് നേരിട്ടുള്ള സെറ്റുകൾക്ക് മത്സരം ജയിച്ചിരുന്നെങ്കിൽ ഹീറോസിന് സെമി സാധ്യത നിലനിർത്താമായിരുന്നു. ഒക്ടോബർ 19ന് കൊച്ചി ബ്ലൂ സ്പൈക്കേഴ്സുമായാണ് കാലിക്കറ്റ് ഹീറോസിന്റെ അടുത്ത മത്സരം. ബംഗളൂരുവിന് വേണ്ടി ടി.ആർ സേതു ആണ് ആദ്യ രണ്ട് സെറ്റുകളിൽ ആക്രമണം നയിച്ചത്. ജോയൽ ബെഞ്ചമിൻ, യാലൻ പെൻറോസ് എന്നിവരും വിജയത്തിൽ നിർണ്ണായക പങ്കുവഹിച്ചു. അവസാന സെറ്റിൽ യാലന്റെ പവർ സ്പൈക്കാണ് വിജയം ഉറപ്പാക്കിയത്. ഷമീമുദ്ദീന്റെ തകർപ്പൻ ബ്ലോക്കിംഗ് മികവും, സന്തോഷ്, തരുഷ ചമത്ത് എന്നിവരുടെ പ്രകടനങ്ങളുമാണ് കാലിക്കറ്റ് ഹീറോസിന് രണ്ട് സെറ്റുകൾ നേടി കൊടുക്കുന്നതിൽ നിർണായകമായത്. വികാസ് മാൻ, ശിവനേശൻ എന്നിവരും നിർണായക നിമിഷങ്ങളിൽ പോയിന്റുകൾ നേടി. തോറ്റെങ്കിലും രണ്ട് സെറ്റുകൾ നേടിയതിനാൽ ഈ മത്സരത്തിലൂടെ സീസണിലെ ആദ്യ പോയിന്റ് നേടാൻ കാലിക്കറ്റ് ഹീറോസിനായി. പ്രമുഖ ഇന്ത്യൻ ബാഡ്മിന്റൺ താരം എച്ച്.എസ്. പ്രണോയ് മത്സരം കാണാൻ ഗച്ചിബൗളി സ്റ്റേഡിയത്തിൽ എത്തിയിരുന്നു.



# മണ്ണ് ജല സംരക്ഷണ പദ്ധതികൾക്ക് തുടക്കമാകുന്നു ഉദ്ഘാടനം 25 ന്

**പാലക്കാട്:** സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി 1.63 കോടി രൂപയുടെ പുതിയ മണ്ണ് ജല സംരക്ഷണ പദ്ധതികൾക്ക് മണ്ഡലത്തിൽ തുടക്കമാകുന്നു. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് 2025-26 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1.63 കോടി രൂപയുടെ അഞ്ച് ചെറുനീർത്തട പദ്ധതികൾക്കാണ് തുടക്കമാകുന്നത്.

തൃത്താല ഗ്രാമപഞ്ചായത്തിൽ ഉള്ളന്നൂർ നീർത്തടത്തിലെ കണ്ണന്നൂർ തോട് നവീകരണം, പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ പട്ടിശ്ശേരി നീർത്തടത്തിലെ ചേരാഞ്ചിറ തോട് നവീകരണം, ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ പട്ടിശ്ശേരി2 നീർത്തടത്തിലെ പാലക്കൽ തോട് നവീകരണം,കപ്പൂർ ഗ്രാമപഞ്ചായത്തിൽ കുമരനെല്ലൂർ നീർത്തടത്തിലെ പൂണൂൽകുളം നവീകരണം,പരുതൂർ ഗ്രാമപഞ്ചായത്തിൽ കാരമ്പത്തൂർ നീർത്തടത്തിലെ ആർത്തിക്കുളം നവീകരണം എന്നീ പദ്ധതികൾക്കാണ് ഈ സാമ്പത്തിക വർഷത്തിൽ പുതിയതായി അനുമതി ലഭിച്ചിട്ടുള്ളത്.

സാമ്പത്തിക വർഷം മുതൽ അനുവദിച്ച പ്രത്യേക ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് മണ്ഡലത്തിൽ എട്ട് ചെറുനീർത്തടങ്ങളിലായി 1.88 കോടി രൂപ ചെലവഴിച്ച് മണ്ണ് ജല ജൈവസമ്പത്ത് സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് പുതിയ പദ്ധതികൾ നടപ്പാക്കുന്നത്.

പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം. ബി രാജേഷ് ഒക്ടോബർ 25 വൈകിട്ട് മൂന്നിന് തൃത്താല ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നിർവ്വഹിക്കും.തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി കെ ജയ അധ്യക്ഷയാകും.

പരിപാടിയുടെ വിജയത്തിനായി തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി കെ ജയ ചെയർമാനും മണ്ണ് ജലസംരക്ഷണ ജില്ലാ ഓഫീസർ പി ഡി സിന്ധു കൺവീനറുമായ സംഘാടകസമിതി രൂപീകരിച്ചു. യോഗത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ പി കെ ജയ, ഷറഫുദ്ദീൻ കളത്തിൽ, വിജേഷ് കുട്ടൻ, തൃത്താല ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ പി ശ്രീനിവാസൻ,മണ്ണ് ജലസംരക്ഷണ ജില്ലാ ഓഫീസർ പി ഡി സിന്ധു, നവകേരളം ജില്ലാ കോർഡിനേറ്റർ പി സൈയ്തലവി, ഒറ്റപ്പാലം മണ്ണ് ജലസംരക്ഷണ ഓഫീസർ വിശ്വനാഥൻ, ഓവർസീയർ നരേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം സംഘടിപ്പിച്ചു

**പാലക്കാട്:** സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ബ്ലോക്ക് തല ഉദ്ഘാടനം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ദേവദാസ് നിർവഹിച്ചു.

പരിപാടിയുടെ ഭാഗമായി പഠനമുറി ഗുണഭോക്തൃ സംഗമവും നടത്തി. പട്ടികജാതി വികസന വകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിവിധ പദ്ധതികളിലായി ഇതുവരെ 480 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ബ്ലോക്കിന്റെ 35 പഠനമുറികളും വകുപ്പിന്റെ 63 പഠനമുറികളുടെയും താക്കോൽ വിതരണമാണ് നടന്നത്. ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപ നിരക്കിൽ വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ മുറിയാണ് പദ്ധതിയിലൂടെ നിർമ്മിക്കുന്നത്. കുഴൽമന്ദം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സുന്ദരൻ പദ്ധതി വിശദീകരണം നടത്തി.

പരിപാടിയിൽ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എൻ.എം. ഇന്ദിര അധ്യക്ഷയായി. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സിദ്ധിഖ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സുബ്രഹ്മണ്യൻ, സോമദാസൻ, കുഞ്ഞിലക്ഷ്മി, ബി.ഡി.ഒ സക്കീർ ഹുസൈൻ, ക്ലാർക്ക് നിരഞ്ജന എന്നിവർ പങ്കെടുത്തു.

# വൈത്തിരി താലൂക്ക് ആശുപത്രിയിൽ പുനർജ്ജനി ക്യാമ്പ്

**വൈത്തിരി:** മേപ്പാടി ഗവ. പോളിടെക്നിക് കോളജിലെ എൻഎസ്എസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുനർജ്ജനി ക്യാമ്പ് സംഘടിപ്പിച്ചു. വൈത്തിരി ഗവ. താലൂക്ക് ആശുപത്രിയിൽ നടന്ന ക്യാമ്പ് വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.വി വിജേഷ് ഉദ്ഘാടനം ചെയ്തു. 80 വാളണ്ടിയർമാരാണ് നാല് ദിവസത്തെ ക്യാമ്പിൽ പങ്കെടുത്തത്. ആശുപത്രി ഉപകരണങ്ങൾ, കട്ടിൽ, കസേര, സ്ട്രച്ചർ, കബോർഡുകൾ, തുടങ്ങിയ തുരുമ്പെടുത്ത ഉപകരണങ്ങൾ വിദ്യാർത്ഥികൾ ഉപയോഗയോഗ്യമാക്കി.

സർക്കാർ സ്ഥാപനങ്ങളിലെ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന ഉപകരണങ്ങൾ സ്റ്റേറ്റ് ടെക്നിക്കൽ സെല്ലിന്റെ നേതൃത്വത്തിൽ എൻഎസ്എസ് ഏറ്റെടുത്ത് ഉപയോഗയോഗ്യമാക്കി മാറ്റുന്ന കർമ്മ പദ്ധതിയാണ് പുനർജനി ക്യാമ്പ്. ഹോസ്പിറ്റൽ സൂപ്രണ്ട് പ്രിയാ സേനൻ, ഡെപ്യൂട്ടി നഴ്സിങ് സൂപ്രണ്ട് ആനിയമ്മ മാത്യു, കോളജ് പ്രിൻസിപ്പൽ ബി എസ് ജവ്ഹറലി, പോളിടെക്നിക് കോളജ് ഇലക്ട്രോണിക്സ് വിഭാഗം തലവൻ കെ പി സുരേഷ്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ കെ ടി സ്മിനിമോൾ , കെ എസ് പ്രകാശ് ബാബു, വളണ്ടിയർ സെക്രട്ടറി ലിയ അന്ന ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.



# കൊച്ചിയുടെ കനാൽ നവീകരണം: പങ്കാളികളാകാൻ ഐക്യരാഷ്ട്ര സഭയും

**കൊച്ചി:** കൊച്ചിയുടെ കനാൽ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമാകാൻ ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടനകളും. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടി (യുഎൻഇപി), ഇന്റർനാഷണൽ കൗൺസിൽ ഫോർ ലോക്കൽ എൻവയോൺമെന്റൽ ഇനീഷ്യേറ്റീവ് എന്നീ സംഘടനകളാണ് പദ്ധതിയുടെ ഭാഗമാകുന്നത്.

തേവര-പേരണ്ടൂർ കനാലുൾപ്പെടെയുള്ള ആറു കനാലുകളാണ് പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്നത്. പദ്ധതിക്കായി സംസ്ഥാന സർക്കാർ 4000 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും കൂടുതൽ ഫണ്ടിംഗ് ലഭിമാക്കാനുള്ള ശ്രമത്തിൻറെ ഭാഗമായാണ് അന്താരാഷ്ട്ര സംഘടനകളുടെ പങ്കാളിത്തം ഉൾപ്പെടുത്തുന്നതെന്ന് മേയർ എം. അനിൽകുമാർ പറഞ്ഞു.

കനാലുകൾ ശുചീകരിക്കാനും പിന്നീട് മോശമാകാതിരിക്കാനും നടപടി സ്വീകരിക്കുക, കനാലുകൾക്ക് സൈഡ് റോഡുകൾ നിർമിക്കുക, പാർക്കുകളും ഓപ്പൺ സ്പേസുകളും നിർമിക്കുക, മലിനജല പ്ലാന്റ് നിർമിക്കുക, ചെറുപാലങ്ങളും കൾവർട്ടുകളും പൊളിച്ചു പണിയുക എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്.

സീവേജും സൈഡ് റോഡുകളും സൗന്ദര്യവത്കരണവും കെഎംആർഎൽ നിർവഹിക്കും. ചെറുപാലങ്ങളും കൾവർട്ടുകളും പൊളിച്ചു പണിയാനുള്ള എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പൊതുജന പങ്കാളിത്തമുള്ള പ്രവർത്തനങ്ങളാണ് കനാൽ റീസ്റ്റോറേഷൻ പദ്ധതിയിൽ യുഎൻഇപി ആലോചിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ജൈവ വൈവിധ്യ ആക്ഷൻപ്ലാൻ തയാറാക്കാനും ആലോചിക്കുന്നുണ്ട്.

കൊച്ചിയിലെ പണ്ടാരച്ചിറ തോട് നവീകരണ പ്രവർത്തനം ഇതിനോടകം തന്നെ ഐസിഎൽഇഐയുടെ നേതൃത്വത്തിൽ ആരംഭിച്ചു. നാലു കോടിയുടെ ഡിപിആറിന് ഫണ്ടും ലഭിച്ചിരുന്നു. ബെക്റ്റൽ എന്ന അന്താരാഷ്ട്ര ഏജൻസിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 100 കോടി രൂപയെങ്കിലും പണ്ടാരച്ചിറ തോടിന് ഗ്രാന്റായി ലഭിക്കാനാണ് സാധ്യത. തുടർന്ന് ഫോർട്ട്കൊച്ചിയിലെ രാമേശ്വരം ബൗണ്ടറി കനാൽ ഉൾപ്പെടെ ഫോർട്ടുകൊച്ചി, പള്ളുരുത്തി മേഖലയിലെ എല്ലാ കനാലുകളും നിർദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തും.

അഞ്ചു വർഷം കൊണ്ട് നഗരത്തിലെ എല്ലാ കനാലുകളെയും പുനരുജ്ജീവിപ്പിച്ച് വെള്ളക്കെട്ട് നിവാരണം, കൊതുക് നിർമാർജനം, ഉൾനാടൻ ജല ഗതാഗതം, ടൂറിസം എന്നീ ഘടകങ്ങളെ കോർത്തിണക്കി കൊച്ചിക്ക് ഒരു പുതിയ മുഖം നൽകാനുള്ള പരിശ്രമത്തിലാണ് കൊച്ചി നഗരസഭയെന്നും മേയർ പറഞ്ഞു.

ന്യൂദൽഹിയിൽ നടന്ന ശില്പശാലയിൽ മേയറെ കൂടാതെ യുഎൻഇപിയുടെ ഇന്ത്യയിലെ തലവൻ ഡോ. ബാലകൃഷ്ണ പശുപതിയും ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയായ എഎഫ്ഡിയുടെ പ്രതിനിധികളും പങ്കെടുത്തു.

# അമലിന്റെ ഹൃദയം അജ്മലിൽ സ്പന്ദിച്ചു തുടങ്ങി



**കൊച്ചി:** അമലിന്റെ ഹൃദയം അജ്മലിൽ സ്പന്ദിച്ചു തുടങ്ങി. മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം സ്വദേശി അമൽ ബാബുവിന്റെ (25) ബന്ധുക്കൾ അവയവദാനത്തിന് സമ്മതം അറിയിച്ചതിനെ തുടർന്നാണ് അജ്മലിന് പുതുജീവൻ ലഭിച്ചത്. 12ാം തിയതിയാണ് അമൽ ബാബൂവിന് വാഹന അപകടം സംഭവിച്ചത് ജീവൻ രക്ഷിക്കുവാൻ ഡോക്ടർമാർ പരമാവധി ശ്രമിച്ചെങ്കിലും പരുക്ക് ഗുരുതരമായതിനാൽ മസ്തിഷ്കമരണം സംഭവിക്കുകയായിരുന്നു.

ഈ വർഷം ജനുവരി മാസത്തിലാണ് തന്റെ പ്രവാസ ജീവിതത്തിനിടയിൽ മലപ്പുറം സ്വദേശി അജ്മലിന് (33) ഗുരുതരമായ ഹൃദയാഘാതം ഉണ്ടാകുന്നത്. തുടർന്ന് ഹൃദയ പരാജയം സംഭവിക്കുയായിരുന്നു. ചികിത്സിച്ച ഡോക്ടർമാർ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അജ്മൽ ലിസി ആശുപത്രിയിൽ എത്തി ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു കടവിലിൽ എന്നിവരെ കണ്ടത്. ബുധനാഴ്ച രാത്രിയോടെയാണ് കെസോട്ടോയിൽ നിന്നും അവയവദാനത്തിന്റെ സന്ദേശം ലിസി ആശുപത്രിയിൽ എത്തുന്നത് തുടർന്ന് ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ മന്ത്രി പി രാജീവ് മുഖേന മുഖ്യമന്ത്രിയുമായി ബന്ധപ്പെടുകയും വളരെ വേഗം തന്നെ ഹെലികോപ്റ്റർ സേവനം ലഭ്യമാവുകയും ചെയ്തു. വ്യാഴാഴ്ച പുലർച്ച രണ്ടു മണിയോടെ ലിസി ആശുപത്രിയിൽ നിന്നും ഡോ. ജേക്കബ് എബ്രഹാം, ഡോ. ജീവേഷ് തോമസ്, ഡോ. ജോ

ജോസഫ് , ഡോ. അരുൺ ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം കിംസ് ആശുപത്രിയിലേക്ക് പുറപ്പെടുകയും അവിടെയെത്തി ഹൃദയം എടുക്കുന്നതിനുള്ള ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു.ഉച്ചയ്ക്ക് 1:30 ന് ഹൃദയം വഹിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടു 2.10 ന് ഗ്രാൻഡ് ഹയാത്തിൽ എത്തി. പോലിസ് സേനയുടെ സഹായത്തോടെ ഗ്രീൻ കോറിഡോർ സൃഷ്ടിച്ച് കേവലം നാലു മിനിറ്റ് കൊണ്ട് ലിസി ആശുപത്രിയിൽ എത്തിച്ചേരുകയും ഉടൻ തന്നെ ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു.അമൽ ബാബുവിൽ നിന്നും എടുത്ത ഹൃദയം മൂന്ന് മണിക്കൂറിനുള്ളിൽ അജ്മലിൽ സ്പന്ദിച്ചു തുടങ്ങി. തുടർന്ന് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. അജ്മലിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ഡോ. ഭാസ്കർ രംഗനാഥൻ, ഡോ. പി മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികൾ ആയിരുന്നു.

# ആഘോഷമായി ചാവറയിൽ കേക്ക് മിക്സിംഗ്

**കൊച്ചി:** കൊച്ചിയിലെ ചാവറ കൾച്ചറൽ സെൻററിനു കീഴിലുള്ള ചാവറ ഇൻസ്റ്റിറ്റ്യൂട്ടിലെ ഹോട്ടൽ മാനേജ്മെന്റ് ഏവിയേഷൻ വിഭാഗം ക്രിസ്മസ് കേക്ക് മിക്സിംഗ് സംഘടിപ്പിച്ചു. ലിസി ഹോസ്പ്പിറ്റൽ ഡയറക്ടർ റവ. ഡോ. പോൾ കരേടൻ ഉദ്ഘാടനം ചെയ്തു.

സിഎംഐ സഭാ വികാർ ജനറൽ റവ. ഡോ. ജോസി താമരശേരി അധ്യക്ഷത വഹിച്ചു. കൊച്ചി ക്രൗൺ പ്ലാസ കളിനറി വിഭാഗം ഡയറക്ടർ കെ.എസ്. കലേഷ് മുഖ്യാതിഥിയായി. ചാവറ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, ഒമാൻ എയർ ജിഎസ്എ ഇന്റർ ഗ്ലോബൽ എയർ ട്രാൻസ്പോർട്ട് മാനേജർ ബാലു ഏബ്രഹാം വർഗീസ്, ഹോളിഡേ ഇൻ റിസോർട്ട് ഡയറക്ടർ സുഗന്ധി വിപിൻ, ചാവറ മാട്രിമോണി എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി. ഏബ്രഹാം, ഡോ. ജോസഫ് സെബാസ്റ്റ്യൻ, ഫാ. ബിജു വടക്കൽ, ഫാ. മാത്യു കിരിയാന്തൻ എന്നിവർ പ്രസംഗിച്ചു.

# ഇസാഫ് സ്വാശ്രയ കോഓപ്പറേറ്റീവ് വാർഷിക പൊതുയോഗം നടത്തി

**തൃശൂർ:** ഇസാഫ് സ്വാശ്രയ മൾട്ടിസ്റ്റേറ്റ് അഗ്രോ കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ പതിനാലാം വാർഷികപൊതുയോഗം സംഘടിപ്പിച്ചു. ചെയർപേഴ്സൺ സെലീന ജോർജ് അധ്യക്ഷത വഹിച്ചു.

2024-25 വാർഷിക റിപ്പോർട്ട് ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എന്റർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ ഡോ. കെ. പോൾ തോമസ് പ്രകാശനം ചെയ്തു. ഇസാഫ് കോഓപ്പറേറ്റീവ് സിഇഒ ക്രിസ്തുദാസ് കരയിൽ വിക്ടർ വാർഷികകണക്ക് അവതരിപ്പിച്ചു. സ്നേഹവീട് പദ്ധതിയുടെ ഗുണഭോക്താക്കൾക്കു താക്കോൽ കൈമാറി.

സംസ്ഥാനസർക്കാരിന്റെ ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് പദ്ധതിയിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിജയികളായ ഗ്രാമപഞ്ചായത്തുകളെ ആദരിച്ചു. സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനം നേടിയ കൊരട്ടി ഗ്രാമപഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജുവും പഞ്ചായത്തംഗങ്ങളും ആദരം ഏറ്റുവാങ്ങി.

ജില്ലാതലത്തിൽ ഒന്നാംസ്ഥാനം നേടിയ വരവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. സുനിതയും അംഗങ്ങളും ആദരം ഏറ്റുവാങ്ങി. രണ്ടാംസ്ഥാനം നേടിയ എളവള്ളി ഗ്രാമപഞ്ചായത്തിനായി പ്രസിഡന്റ് ജിയോ ഫോക്സും പഞ്ചായത്ത് അംഗങ്ങളും ആദരം സ്വീകരിച്ചു. മൂന്നാംസ്ഥാനം നേടിയ മൂരിയാട്, മാടക്കത്തറ ഗ്രാമപഞ്ചായത്തുകളെ പ്രതിനിധീകരിച്ച് പ്രസിഡന്റുമാരായ ജോസ് ജെ. ചിറ്റിലപ്പിള്ളി, ഇന്ദിരമോഹൻ എന്നിവരും ആദരം ഏറ്റുവാങ്ങി.

ഇസാഫ് കോഓപ്പറേറ്റീവ് എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് ബീന ജോർജ്, ചീഫ് ഫിനാൻഷ്യൽ ഓഫീസർ സുനിൽ ജി. നമ്പൂതിരി എന്നിവർ പ്രസംഗിച്ചു.

# കേരളത്തിൽ നിന്നു രാമേശ്വരത്തേക്കു നേരിട്ട് ട്രെയിൻ

**തിരുവനന്തപുരം:** തിരുവനന്തപുരം- മധുര അമൃത എക്സ്പ്രസ് രാമേശ്വരത്തേക്കു നീട്ടാൻ റെയിൽവേ ബോർഡ് അനുമതി. ട്രെയിൻ രാമേശ്വരം സർവീസ് 16ന് ആരംഭിച്ചു. രാത്രി 8.30ന് തിരുവനന്തപുരത്തു നിന്നു പുറപ്പെടുന്ന ട്രെയിൻ പിറ്റേ ദിവസം ഉച്ചയ്ക്കു 12.45ന് രാമേശ്വരത്ത് എത്തും. രാമേശ്വരത്തു നിന്ന് ഉച്ചയ്ക്കു 1.30ന് പുറപ്പെടുന്ന ട്രെയിൻ പിറ്റേന്നു പുലർച്ചെ 4.55ന് തിരുവനന്തപുരത്ത് എത്തും. ഏറെക്കാലമായി കേരളത്തിൽ നിന്നു രാമേശ്വരത്തേക്കു നേരിട്ട് ട്രെയിൻ സർവീസില്ല.

മീറ്റർ ഗേജ് കാലഘട്ടത്തിൽ പാലക്കാട്ടു നിന്നു രാമേശ്വരം ട്രെയിനുകളുണ്ടായിരുന്നെങ്കിലും ഗേജ് മാറ്റത്തിന്റെ പേരിൽ അവ നിർത്തലാക്കിയിരുന്നു. 2018ൽ ഗേജ് മാറ്റം പൂർത്തിയായിട്ടും രാമേശ്വരം സർവീസുകൾ പുനരാരംഭിച്ചില്ല. അമൃത രാമേശ്വരത്തേക്കു നീട്ടണമെന്ന ഏറെ നാളായുള്ള ആവശ്യത്തിനാണ് ഇപ്പോൾ പരിഹാരമായത്. മധുരയ്ക്കും രാമേശ്വരത്തിനുമിടയിൽ മാനാമധുര, പരമക്കുടി, രാമനാഥപുരം എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ടാകും.

# പോഷൻ മാ ക്യാമ്പയിൻ ബ്ലോക്ക് തല സമാപനം

**പനമരം:** സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാര അവബോധം പകരാൻ നടപ്പാക്കിയ പോഷൻ മാ ക്യാമ്പയിനിന്റെ ബ്ലോക്ക് തല സമാപനം പനമരം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അങ്കണവാടി ജീവനക്കാർ ന്യൂട്രി മിക്സ്, ജൈവ പച്ചക്കറികൾ, ഇലക്കറികൾ തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കിയ പോഷകാഹാര പ്രദർശനവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. പോഷകാഹാരങ്ങളെക്കുറിച്ചുള്ള ആരോഗ്യബോധം വളർത്താൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. പനമരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൽ ഗഫൂർ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മേഴ്സി ബെന്നി, നീതി ആയോഗ് കൺസൾട്ടന്റ് ആരോഗ്യ രാജ്, പനമരം സിഡിപിഒ പി അനിത, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഐസിഡിഎസ് ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.



# നൂതന ബസ് ഷാസിയുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് കൊമേഴ്സ്യൽ വെഹിക്കിൾസ് നൂതനമായ ഇന്റർസിറ്റി പ്ലാറ്റ്ഫോമായ പുതിയ ടാറ്റ എൽപിഒ 1822 ബസ് ഷാസി പുറത്തിറക്കി.

ദീർഘദൂര യാത്രാ ഗതാഗതത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന എൽപിഒ 1822 സുഖസൗകര്യങ്ങൾ, പ്രകടനം, പ്രവർത്തനക്ഷമത എന്നിവയുമായി പൊതു യാത്രാ ഗതാഗതത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ടാറ്റ മോട്ടോഴ്സ് വഹിച്ചുകൊണ്ടിരിക്കുന്ന നേതൃത്വത്തെ വീണ്ടും ഉറപ്പിക്കുന്നതാണെന്ന് ടാറ്റ മോട്ടോഴ്സ് കൊമേഴ്സ്യൽ വെഹിക്കിൾസ് വൈസ് പ്രസിഡന്റും കൊമേഴ്സ്യൽ പാസഞ്ചർ വെഹിക്കിൾ ബിസിനസ് മേധാവിയുമായ ആനന്ദ് എസ് പറഞ്ഞു.

ടാറ്റ എൽപിഒ 1822 യാത്രക്കാർക്കും ഡ്രൈവർമാർക്കും ഒരുപോലെ ക്ഷീണമില്ലാത്ത യാത്ര ഉറപ്പാക്കുന്നു. 36 മുതൽ 50 സീറ്റർ വരെയുള്ളവയാക്കി മാറ്റാൻ കഴിയുന്ന കോൺഫിഗറേഷനുകളും സ്ലീപ്പർ ലേഔട്ടുകളും ഉൾപ്പെടുത്തിയിരിക്കുന്നു. എൽപിഒ 1822 ന് കരുത്ത് പകരുന്നത് 5.6 ലിറ്റർ കമ്മിൻസ് ഡീസൽ എഞ്ചിനാണ്, ഇത് 220 എച്ച്പി കരുത്തും 925 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്നു. ഉയർന്ന പ്രകടനവും ഇന്ധനക്ഷമതയും സന്തുലിതമാക്കുന്ന ഒരു പവർട്രെയിൻ.

മികച്ച ഇൻക്ലാസ് സുരക്ഷ, സുഖസൗകര്യങ്ങൾ, യാത്രാനുഭവം എന്നിവ പ്രദാനം ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പ്രീമിയം ഇന്റർസിറ്റി ബസായ ടാറ്റ മാഗ്ന കോച്ചിന്റെ അടിസ്ഥാനമായും ചേസിസ് പ്രവർത്തിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി




# ജൈറ്റെക്സ് ഗ്ലോബലിൽ കേരള ഐ.ടി. പവലിയൻ തുറന്നു

**തിരുവനന്തപുരം:** അന്താരാഷ്ട്ര തലത്തിലെ മുൻനിര സാങ്കേതികവിദ്യാ, സ്റ്റാർട്ടപ്പ് പ്രദർശന മേളയായ ജൈറ്റെക്സ് ഗ്ലോബലിൽ, കേരളത്തിന്റെ ഐ.ടി പവലിയൻ ഉദ്ഘാടനം ചെയ്തു. ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ, അഞ്ച് ദിവസമായാണ് ജൈറ്റെക്സ് ഗ്ലോബലിന്റെ 45ാം പതിപ്പ് അരങ്ങേറുന്നത്. കേരള ഐടിയുടെയും, കേരളത്തിലെ ടെക്നോളജി കമ്പനികളുടെ കൂട്ടായ്മയായ, ജിടെകിന്റെ നേതൃത്വത്തിൽ, സംസ്ഥാനത്ത് നിന്നുള്ള 28 ഐടി/ഐടിഇഎസ് സ്ഥാപനങ്ങളുടെ സംഘമാണ്, മേളയിൽ പങ്കെടുക്കുന്നത്. കേരള പവലിയനിലൂടെ കമ്പനികൾ അവരുടെ നൂതനമായ ഉൽപ്പന്നങ്ങളും സേവനങ്ങളുമാണ് പ്രദർശിപ്പിക്കുന്നത്.2016 മുതൽ ജൈറ്റെക്സ് ഗ്ലോബലിൽ സ്ഥിര സാന്നിധ്യമാണ് കേരള ഐടി. 96 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വിശാലമായ പവലിയനിലാണ് കേരളത്തിന്റെ പ്രദർശനം അരങ്ങേറുന്നത്. സുസ്ഥിര വികസനത്തിനും സാമൂഹിക പുരോഗതിക്കും വേണ്ടി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിലുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്ന രീതിയിലാണ് പവലിയൻ വിഭാവനം ചെയ്തിരിക്കുന്നത്.

കേരള പവലിയന്റെ ഉദ്ഘാടനച്ചടങ്ങിൽ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് ഐ.ടി. സെക്രട്ടറി ശ്രീറാം സാംബശിവ റാവു , ടെക്നോപാർക്ക് സി.ഇ.ഒ. റിട്ട.കേണൽ സഞ്ജീവ് നായർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നുള്ള കമ്പനികളാണ് കേരളത്തിൽ നിന്നും ജൈറ്റെക്സ് ഗ്ലോബലിന്റെ ഭാഗമാകുന്നത്.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ കേരളത്തിലെ മൂന്ന് ഐ.ടി. പാർക്കുകളും, ജിടെക്കും ചേർന്നാണ് ജൈറ്റെക്സ് ഗ്ലോബൽ 2025ൽ, കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്ന ഈ സംരംഭത്തിന് നേതൃത്വം നൽകുന്നത്.

# കൊമാകി ഇലക്ട്രിക് FAM 1.0, FAM 2.0 മോഡലുകൾ വിപണിയിൽ



**കൊച്ചി:** പ്രമുഖ ഇലക്ട്രിക് വാഹന ബ്രാൻഡായ കോമാകി ഇലക്ട്രിക്, FAM 1.0, FAM 2.0 എന്നീ മോഡലുകൾ വിപണിയിലെത്തിച്ചു. 99,999 , 1,26,999 എന്നിങ്ങനെയാണ് ഇവയുടെ എക്സ്ഷോറൂം വില ആരംഭിക്കുന്നത്. കുടുംബ യാത്രയ്ക്ക് വേണ്ടിയാണ് ഈ വാഹനം അവതരിപ്പിച്ചിരിക്കുന്നതെന്ന് കോമാകി ഇലക്ട്രിക് വെഹിക്കിൾസിന്റെ സഹസ്ഥാപകനായ ഗുഞ്ജൻ മൽഹോത്ര പറഞ്ഞു. ഗാർഹിക ആവശ്യങ്ങൾക്കും വാണിജ്യപരമായ ആവശ്യങ്ങൾക്കും അനുയോജ്യമായ രീതിയിലാണ് ഈ സ്മാർട്ട് ത്രീവീലർ ഇലക്ട്രിക് സ്കൂട്ടർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. FAM 1.0, FAM 2.0 എന്നിവ യഥാക്രമം 100 കി.മീറ്ററിലധികവും 200 കി.മീറ്ററിലധികവും റേഞ്ച് നൽകുന്നു. Lipo4 ബാറ്ററികളാണ് ഉപയോഗിക്കുന്നത്. ഈ നൂതന ബാറ്ററി സാങ്കേതികവിദ്യ, താരതമ്യമില്ലാത്ത നിലവാരവും, വിശ്വാസ്യതയും, പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നു. ഇത് ദീർഘകാലം നിലനിൽക്കുന്നതും ഊർജ്ജക്ഷമതയുള്ളതുമാണ്. 3000 മുതൽ 5000 വരെ ചാർജിംഗ് സൈക്കിളുകൾ നിലനിൽക്കാനുള്ള ശേഷിയോടുകൂടിയ Lipo4 ബാറ്ററികൾ, ഉയർന്ന ഈടുനിൽപ്പാണ് വാഗ്ദാനം ചെയ്യുന്നതെന്നും ഗുഞ്ജൻ മൽഹോത്ര പറഞ്ഞു.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് അറ്റാദായം 601 കോടി

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ അറ്റാദായം 26 ശതമാനം വർധനവോടെ 601 കോടി രൂപയിലെത്തി. പുതിയ ബിസിനസിന്റെ മൂല്യം 24.5 ശതമാനം വർധനവോടെ 1049 കോടി രൂപയിലും എത്തിയിട്ടുണ്ട്. പുതിയ ബിസിനസുകളിലൂടെയുള്ള പരിരക്ഷാ തുക വാർഷികാടിസ്ഥാനത്തിൽ 19.3 ശതമാനം വളർന്ന് 6.77 ലക്ഷം കോടി രൂപയിലും എത്തിയിട്ടുണ്ട്.

ലൈഫ് ഇൻഷുറൻസ് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനായി അടുത്തിടെ വരുത്തിയ ജിഎസ്ടി പരിഷ്ക്കാരങ്ങളെ സ്വാഗതം ചെയ്യുന്നതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനൂപ് ബഗ്ചി പറഞ്ഞു. പ്രീമിയം തുകയിൽ നേട്ടമുണ്ടാക്കുന്ന വിധത്തിൽ ഈ ആനുകൂല്യങ്ങൾ തങ്ങൾ ഉപഭോക്താക്കളിലേക്കു കൈമാറിയിട്ടുണ്ട്. ലൈഫ് ഇൻഷുറൻസിൽ നൽകിയ ജിഎസ്ടി ഇളവുകൾ ക്രിയാത്മക പ്രതികരണം സൃഷ്ടിച്ചതായാണ് പ്രാഥമിക പ്രവണതകൾ സൂചിപ്പിക്കുന്നതെന്നും റീട്ടെയിൽ വിഭാഗത്തിലുള്ള പരിരക്ഷാ പോളിസികളിലാണ് ഇതിന്റെ പ്രതിഫലനം കൂടുതൽ ദൃശ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഡീകോഡ് 2025 വിജയികളെ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** പ്രമുഖ എഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ്ടി സംഘടിപ്പിച്ച ആഗോള ഹാക്കത്തണിന്റെ അഞ്ചാം പതിപ്പായ ഡീകോഡ് 2025 വിജയികളെ പ്രഖ്യാപിച്ചു.

ഇന്ത്യ, യുഎസ്, യുകെ, മെക്സിക്കോ, മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള മത്സരാർഥികൾക്കായി സംഘടിപ്പിച്ച ഡീക്കോഡിൽ 2,900ലധികം കോളജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നുമായി 6,600ലധികം ടീമുകളിലായി 25,000 പേർ പങ്കെടുത്തു.

യുഎസിൽ നിന്നുള്ള ന്യൂറൽ നാവിഗേറ്റേഴ്സ് ടീമിന്റെ എൻട്രിയായ പ്രിസം: പ്രെഡിക്റ്റീവ് ആൻഡ് റിപ്പോർട്ടിംഗ് ഇൻസൈറ്റ്സ് വിത്ത് സയൻസ് ആൻഡ് മോഡൽസിനെയാണ് ആഗോള വിജയിയായി തെരഞ്ഞെടുത്തത്.

ഇന്നു തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന യുഎസ്ടിയുടെ ഡി3 കോൺഫറൻസിൽ ന്യൂറൽ നാവിഗേറ്റേഴ്സ് തങ്ങളുടെ പ്രോജക്റ്റ് അവതരിപ്പിക്കും. ആഗോളതലത്തിൽ വിജയിയായി പ്രഖ്യാപിച്ച ടീമിന് 10,000 യുഎസ് ഡോളറാണ് സമ്മാനത്തുക.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഫിനിഷിംഗ് സ്കൂൾ ഇനിഷ്യേറ്റീവുമായി ആക്സിയ ടെക്നോളജീസ്

**തിരുവനന്തപുരം:** ലോകത്തെ മുൻനിര വാഹനസോഫ്ട്‌വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസ്, പുതുതലമുറയിലെ എഞ്ചിനീയറിംഗ് പ്രതിഭകളെ വാർത്തെടുക്കാനായി ആരംഭിച്ച, ആക്സിയ ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം 2025, വിജയകരമായി പൂർത്തിയാക്കി. അക്കാദമിക രംഗവും, വ്യവസായവും തമ്മിലുള്ള വിടവ് നികത്താൻ ലക്ഷ്യമിട്ടുള്ള കമ്പനിയുടെ സി.എസ്.ആർ വിഭാഗമായ അക്സിയ ഫൗണ്ടേഷൻ ട്രസ്റ്റിന്റേതാണ് ഈ സംരംഭം.

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെയും, കൈമനം ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിലെയും, അമ്പത് വിദ്യാർത്ഥികളായിരുന്നു 12 ആഴ്ച നീണ്ടുനിന്ന, പ്രോഗ്രാമിന്റെ ഭാഗമായത്. കനൽ ഇന്നൊവേഷൻസുമായി സഹകരിച്ചാണ് ആക്സിയ ഫിനിഷിംഗ് സ്കൂൾ പദ്ധതി. ഐ.എസ്.ആർ.ഒ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ ഡയറക്ടർ എം. മോഹൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി വൈസ് ചാൻസലർ പ്രൊഫ. ദിപങ്കർ ബാനർജി, ആക്സിയ ടെക്നോളജീസ് വൈസ് പ്രസിഡന്റ് ന്യൂ ഇനിഷ്യേറ്റീവ്സ് ആൻഡ് ഹെഡ് ഓഫ് സി.എസ്.ആർ ആർ. രജീഷ്, കൈമനം ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ എസ്. ബീന , ആക്സിയ ടെക്നോളജീസ് മാർക്കറ്റിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻസ് മേധാവി ജോസ് കുന്നപ്പള്ളി തുടങ്ങിയവരും ബിരുദദാന ചടങ്ങിൽ സന്നിഹിതരായിരുന്നു. മുഖ്യാതിഥികൾ വിദ്യാർത്ഥികൾക്ക്, സർട്ടിഫിക്കറ്റുകളും, മെഡലുകളും വിതരണം ചെയ്തു. ആക്സിയ ഫിനിഷിംഗ് സ്കൂൾ ഇനിഷ്യേറ്റീവ്, കേവലം തൊഴിൽ സാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക മാത്രമല്ല, വിദ്യാർത്ഥികളിൽ, മൂല്യങ്ങളും, ജിജ്ഞാസയും, സ്വപ്നങ്ങളും വളർത്തിയെടുക്കുക കൂടിയാണെന്ന് ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി.ഇ.ഒ.യുമായ ജിജിമോൻ ചന്ദ്രൻ വ്യക്തമാക്കി.

# കൊട്ടക് ബിസ്‌ലാബ്സ് പുതിയ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കും

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ പ്രധാന സിഎസ്ആർ. സംരംഭമായ കൊട്ടക് ബിസ്‌ലാബ്സ് ആക്സിലറേറ്റർ പ്രോഗ്രാമിന്റെ രണ്ടാം സീസൺ പ്രഖ്യാപിച്ചു. 2025 ഒക്ടോബർ മുതൽ 2026 നവംബർ വരെ നീണ്ടുനിൽക്കുന്ന ഈ പദ്ധതി, ആഴത്തിലുള്ള മെന്റർഷിപ്പ്, മാർക്കറ്റ് ആക്സസ്, കാറ്റലിറ്റിക് ഫണ്ടിംഗ് എന്നിവയിലൂടെ ഇന്ത്യയിലെ 75 ലധികം പുതിയ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കും. ഡീപ്ടെക്, സുസ്ഥിരത, ക്ലീൻ എനർജി, ഫിൻടെക്, ഡിജിറ്റൽ ടെക്നോളജി, എഡ്ടെക്, അഗ്രിടെക്, ഹെൽത്ത്ടെക് എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതി, ഐഐടി. ഡൽഹിയുടെ ഫൗണ്ടേഷൻ ഫോർ ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ എന്ന പുതിയ ഇൻക്യുബേഷനെ പങ്കാളിയായി ഉൾപ്പെടുത്തി ഇന്ത്യയിലെ സമസ്ത മേഖലകളിലേക്കും വ്യാപിപ്പിക്കുമെന്ന് അധികൃതർ വ്യക്തമാക്കി. കൊട്ടക്  ബിസ്‌ലാബ്സിന്റെ ആദ്യ സീസണിൽ 1,500ലധികം അപേക്ഷകൾ ലഭിക്കുകയും 500 ലധികം സ്ഥാപകരുമായി ഔട്ട്റീച്, നോളജ് സെഷനുകൾ എന്നിവയിലൂടെ ബന്ധപ്പെടുകയും ചെയ്തു. രണ്ടാം സീസണിൽ 800 ലധികം സ്റ്റാർട്ടപ്പുകളെ ഔട്ട്റീച്, നോളജ് സെഷനുകൾ വഴി ബന്ധപ്പെടുത്താനും 75 ലധികം സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പും ഇൻക്യുബേഷനും നൽകാനും 60 ലധികം സംരംഭങ്ങൾക്ക് ഫണ്ടിംഗ് പിന്തുണ നൽകാനും പദ്ധതിയിടുന്നു. ഡിപ്പാർട്ട്മെന്റ് ഫോർ പ്രമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേർണൽ ട്രേഡിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് https://kotakbizlabs.accubate.app/ext/form/8675/1/apply വഴി ഇതിനായി അപേക്ഷിക്കാമെന്നും കൊട്ടക്  മഹീന്ദ്ര അധികൃതർ അറിയിച്ചു.

# സാംസങ് ഗാലക്സി എം17 5ജി ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** സാംസങ് ഇന്ത്യയുടെ പുതിയ ഗാലക്സി എം17 5ജി ഇന്ത്യൻ വിപണിയിൽ വിൽപന ആരംഭിച്ചു. സാംസങ്.കോം, ആമസോൺ, തെരഞ്ഞെടുത്ത റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെയാണ് വിൽപന. 4/128 ജിബി 12,499 രൂപയാണ് വില. 6/128 ജിബി 13,999 രൂപയും, 8/128 ജിബി മോഡലിന് 15,499 രൂപയുമാണ് വില. ഇന്ത്യയിൽ ഏറ്റവുമധികം വിൽപന നടന്ന ഗാലക്സി എം16 5ജിയുടെ വിജയത്തിന് പിന്നാലെയാണ് കമ്പനി ഗാലക്സി എം 17 5ജി വിപണിയിലെത്തിക്കുന്നത്. ഏറ്റവും പുതിയ എഐ സാങ്കേതികവിദ്യ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഫോൺ അവതരിപ്പിച്ചതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# ഗ്രീൻ ഹെൽത്ത് സമ്മിറ്റ് ആന്റ് എക്സ്പോ 25 ന്

**കൊച്ചി:** റോട്ടറി ഡിസ്ട്രിക്റ്റ് 3205 ജനകീയ സേവന, ആരോഗ്യ പരിപാലന പദ്ധതിയായ ഗ്രീൻ ഹെൽത്ത് സമ്മിറ്റ് ആന്റ് എക്സ്പോ ഈ മാസം 25 ന് ഹൈവേ ഗാർഡൻ ഹോട്ടലിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.  രാവിലെ ഒമ്പതിന് ഡിസ്ട്രിക്റ്റ് ഗവർണർ ഡോ. ജി. എൻ രമേഷ്  ഉദ്ഘാടനം ചെയ്യും. റോട്ടറി കൊച്ചിൻ സെൻട്രലിന്റെ നേതൃത്വത്തിലാണ് ഹെൽത്ത് സമ്മിറ്റ് നടക്കുന്നത്. വാർദ്ധക്യകാല വെല്ലുവിളികൾ, മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ഭക്ഷണം മരുന്നായി ഉപയോഗിക്കൽ, സ്ത്രീകളുടെ ആരോഗ്യ വെല്ലുവിളികൾ, നൂതന ചികിത്സാ രീതികൾ, അംഗീകൃത സി.പി.ആർ. പരിശീലനം ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശം തുടങ്ങിയ വിവിധ വിഷയങ്ങിൽ  പാനൽ ചർച്ചകൾ നടക്കും. സൗജന്യ കൗൺസിലിംഗിനായി കൗൺസിലർമാരും ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്. വൈകുന്നേരം 6 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ മന്ത്രി പി. രാജീവ് മുഖ്യാതിഥിയാകും. ദി മൈൻഡ് വർക്ക്ഷോപ്പിന്റെ സ്രഷ്ടാവായ പ്രൊഫ. ഡോ. ഉഷി മോഹൻദാസ്  മുഖ്യ പ്രഭാഷണം നടത്തും.

റോട്ടറി പോസിറ്റീവ് ഹെൽത്ത് ഡിസ്ട്രിക്റ്റ് ചെയർമാൻ ഡോ. എ. ശ്രീകുമാർ(റോട്ടറി കൊച്ചിൻ സെൻട്രൽ),കൺവീനർ ഡോ. കെ. രമേഷ് കുമാർ(റോട്ടറി കൊച്ചിൻ സെൻട്രൽ), റോട്ടറി കൊച്ചിൻ സെൻട്രൽ പ്രസിഡന്റ്  അലക്സ് ജോസഫ് എന്നിവരും സംബന്ധിക്കും. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ  ചാരിറ്റി വിഭാഗമായ അരികെ, അഹം പാലിയേറ്റീവ് കെയർ സെന്റർ  എന്നിവരുടെ പിന്തുണയോടെയാണ് ഹെൽത്ത് സമ്മിറ്റ് നടക്കുന്നത്.

